**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2260** **05-02-2026 - ൽ മറുപടിയ്ക്ക്**

**ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 149/2022, 255/2024 എന്നീ കാറ്റഗറി നമ്പരിലുള്ള ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയുടെ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ഇനം തിരിച്ച് ലഭ്യമാക്കാമോ; | (എ) | കാറ്റഗറി നം.149/2022 – ഐ.സി.ഡി.എസ് സൂപ്പർവൈസർ തസ്തിക (അങ്കണവാടി ക്വാട്ട – ഡിഗ്രി) യിൽ നിന്നും 8 ഒഴിവുകളും കാറ്റഗറി നം. 255/2024 - ഐ.സി.ഡി.എസ് സൂപ്പർവൈസർ തസ്തിക (സ്പെഷ്യൽ റിക്രൂട്ട്മെന്റ് അങ്കണവാടി ക്വാട്ട ഡിഗ്രി) യിൽ നിന്നും 2 ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | 255/2024 കാറ്റഗറി നമ്പർ റാങ്ക് ലിസ്റ്റിൽനിന്ന് എസ്.സി. വിഭാഗത്തിന്റെ ഒഴിവുകൾ പൂർണമായും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇനി ഒഴിവുകൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | വകുപ്പിലെ ജീവനക്കാരുടെ എസ്.സി/എസ്.ടി പ്രാതിനിധ്യം സംബന്ധിച്ച് നടത്തിയ വാർഷിക അവലോകന റിപ്പോർട്ട് പ്രകാരം സൂപ്പർവൈസർ തസ്തികയിൽ സർക്കാർ സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി നിർദ്ദേശിച്ചിട്ടുള്ള SC/ST, ST വിഭാഗത്തിലെ മുഴുവൻ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിൽ എസ്.ടി വിഭാഗത്തിൽ സൂപ്പർന്യൂമററിയായി റിപ്പോർട്ട് ചെയ്ത രണ്ട് ഒഴിവുകൾക്ക് നിയമന ശിപാർശ ലഭ്യമായിട്ടില്ല. |
| (സി) | അംഗൻവാടി വർക്കർമാരിൽ നിന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലേക്ക് നിയമനം നൽകുന്നതിന് തയ്യാറാക്കിയ 149/2022 നമ്പർ പി.എസ് .സി . റാങ്ക് ലിസ്റ്റിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | അങ്കണവാടി വർക്കർമാരിൽ നിന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ തസ്തികയിലേക്ക് നിയമനം നൽകുന്നതിന് നിലവിലുള്ള ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | നേരിട്ടുള്ള നിയമനം വഴിയും അംഗൻവാടി വർക്കർമാരിൽ നിന്നുള്ള പ്രൊമോഷൻ വഴിയും ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ കേഡർ സ്ട്രെങ്ങ്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | ഐ.സി.ഡി.എസ് സൂപ്പർവൈസർമാരുടെ ആകെ കേഡർ സ്ട്രെങ്ങ്ത് 1327 ആണ്. ജനറൽ കാറ്റഗറി - 770, അങ്കണവാടി വർക്കർ എസ്.എസ്.എൽ.സി ക്വാട്ട – 385, അങ്കണവാടി വർക്കർ ഡിഗ്രി ക്വാട്ട – 146 എന്നിങ്ങനെ സ്പെഷ്യൽ റൂൾ പ്രകാരം പി.എസ്.സി. വഴി നേരിട്ടാണ് നിയമനം നടത്തി വരുന്നത്. |
| (ഇ) | കേഡർ സ്ട്രെങ്ങ്തിനനുസരിച്ച് അംഗൻവാടി വർക്കർമാരിൽനിന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലേക്ക് പൂർണമായും | (ഇ) | കേഡർ സ്ട്രെങ്ങ്തിനനുസരിച്ച് അങ്കണവാടി വർക്കർമാരിൽനിന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലേക്ക് റിപ്പോർട്ട് ചെയ്ത |

| | | | |
|---|---|---|---|
| | നിയമനം നൽകിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുമോ? | | ഒഴിവുകളിൽ പി.എസ്.സി-ൽ നിന്നും നിയമന ശിപാർശ ലഭ്യമായ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ